File No.HEALTH-A2/48/2021-HEALTH

EAH
18247

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ഡോ.സാം ജോൺ വർഗ്ഗീസ്, സീനിയർ കൺസൾട്ടന്റ് (O&G), സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, തൈക്കാട് - സർവ്വീസിൽ നിന്നും സ്വമേധയാ വിരമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2265/2021/ആ.കു.വ തീയതി,തിരുവനന്തപുരം, 21/10/2021

---

പരാമർശം:- 1. ഡോ.സാം ജോൺ വർഗ്ഗീസ് സമർപ്പിച്ച 01.02.2021-ലെ അപേക്ഷ.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 17.08.2021-ലെ ഇ.എ4-20574/2021/ആവഡ നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ ഗൈനക്ക് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.സാം ജോൺ വർഗ്ഗീസ് ആരോഗ്യപരമായ കാരണങ്ങളാൽ 30.04.2021 മുതൽ സർവ്വീസിൽ നിന്നും സ്വയം വിരമിക്കുന്നതിനുള്ള പരാമർശം (1) അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയും ആയതിന്മേലുള്ള ശിപാർശയും മറ്റ് രേഖകളും സമർപ്പിക്കുന്നതിനായി പ്രസ്തുത അപേക്ഷ സർക്കാർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ചു നൽകുകയുണ്ടായി. ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിനോടൊപ്പം ഉൾക്കൊള്ളിച്ചിരുന്ന അക്കൌണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് പ്രകാരം 17.03.1997-ൽ സർവ്വീസിൽ പ്രവേശിച്ച ഡോ.സാം, 30.04.2021-ൽ 24 വർഷം സേവനകാലം പൂർത്തീകരിച്ചിരിക്കുന്നു. ഡോ.സാം ജോൺ വർഗ്ഗീസിന്റെ പേരിൽ ഒരു തരത്തിലുള്ള ബാധ്യതയും നിലവിലില്ല എന്ന് അക്കൌണ്ടന്റ് ജനറൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഡോ.സാം ജോണിനെതിരെ അച്ചടക്ക നടപടികളോ സാമ്പത്തിക ബാധ്യതകളോ നിലവിലില്ല എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറും പരാമർശം (2) കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2) ഈ സാഹചര്യത്തിൽ, കെ.എസ്.ആർ ഭാഗം III ചട്ടം 56 പ്രകാരം സ്വമേധയാ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകളെല്ലാം തന്നെ ഡോ.സാം ജോൺ വർഗ്ഗീസിന്റെ അപേക്ഷയിൽ പാലിക്കപ്പെട്ടിരിക്കുന്നതിനാൽ തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ ഗൈനക്ക് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.സാം ജോൺ വർഗ്ഗീസിന് 30.04.2021 പ്രാബല്യത്തിൽ സ്വമേധയാ സേവനത്തിൽ നിന്നും വിരമിക്കുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

3) 04.05.2019-ലെ സ.ഉ (അച്ചടിച്ചത്) നം.55/2019/ധന ഉത്തരവിൽ നിഷ്കർഷിക്കുന്ന

പ്രകാരം ഡോ.ഡോ.സാം ജോൺ വർഗ്ഗീസിന്റെ പെൻഷനുള്ള അപേക്ഷ, പെൻഷൻ അനുവദിക്കുന്ന അധികാരി/അക്കൗണ്ടന്റ് ജനറലിന് ഉത്തരവ് തീയതി മുതൽ മൂന്നു മാസത്തിനുള്ളിൽ ലഭ്യമാക്കേണ്ടതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജൻ നാംദേവ് ഖൊബ്രഗഡെ
പ്രിൻസിപ്പൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം.
ഡോ.സാം ജോൺ വർഗ്ഗീസ്, സീനിയർ കൺസൾട്ടന്റ് (O&G)
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.എ4 20574/2021/ആ.വ.ഡ
തീയതി 29/10/2021.

സ.ഉ (സാധാ) നം 2265/2021/ആ.കു.വ തീയതി 21/10/2021 എന്ന സർക്കാർ ഉത്തരവ് അറിവിലേക്കും തുടർ നടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

29/X

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്:

Dr. Sam John Varghese
Parakadavil
Markarathoppu
Pappanamcode P.O
Trivandrum.